# കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

## എറണാകുളം

നം.കെ.എസ്.ഡബ്ല്യു.സി/എം/ഡയറി 2019 26.11.2018

## ദർഘാസ് പരസ്യം

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനുവേണ്ടി **2019** വർഷത്തേയ്ക്ക് **ഉദ്ദേശ്യം 3000** ഡയറികൾ (1000 എണ്ണം പരസ്യം ഉള്ള സാധാരണ ഡയറിയും, 2000 എണ്ണം പരസ്യമില്ലാത്ത എക്സിക്യൂട്ടീവ് ഡയറിയും) പ്രിന്റ് ചെയ്ത് തരുവാൻ തയ്യാറുള്ള സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

### ഡയറിയെപ്പറ്റിയുള്ള ഏകദേശ വിവരണം

1. വലുപ്പം : 24 സെ.മീ.x 17 സെ.മീ.
2. പുറം കവർ : Art cover with spot UV, cover page printing KERALA STATE WAREHOUSING CORPORATION with emblem and year.
3. ഓരോ മാസത്തിന്റെയും തുടക്കത്തിൽ പ്ലാനർ ഉണ്ടായിരിക്കണം.
4. ഒരു പേജിൽ രണ്ട് ദിവസമുള്ള കലണ്ടർ
5. പേപ്പർ : 70 GSM high bright Maplitho
6. മാർക്കർ ടാഗ്

ഡയറിയെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങളും ഡയറിയുടെ സാമ്പിളും പ്രവൃത്തി ദിവസങ്ങളിൽ കേന്ദ്ര ആഫീസിലെ മാർക്കറ്റിംഗ് വിഭാഗത്തിൽ നിന്നും അറിയാവുന്നതാണ്.

കോർപ്പറേഷനെ സംബന്ധിച്ച വിവരങ്ങളും സാധാരണ ഡയറിയിൽ കാണുന്ന പൊതുവിവരങ്ങൾ അടക്കമുള്ള വിവരങ്ങളും ഡയറിയുടെ ആദ്യഭാഗത്തും കോർപ്പറേഷൻ തരുന്ന പരസ്യ മാറ്ററുകൾ (കളർ, ബ്ലാക്ക് & വൈറ്റ്) ഡയറിയുടെ അവസാന ഭാഗത്തും പ്രിന്റു ചെയ്യേണ്ടതാണ്. സാധാരണ ഡയറിയുടെ നിരക്കുകളും, കോർപ്പറേഷന്റെ പരസ്യങ്ങളും വിവരണങ്ങളും ആവശ്യാനുസരണം ചേർത്ത് ഡയറി തയ്യാറാക്കി നൽകുന്നതിനും വെവ്വേറെ നിരക്കുകൾ (ഡയറിയുടെ വിലയും കൂടാതെ അധികമായി വരുന്ന കളർ, ബ്ലാക്ക് & വൈറ്റ് പേജ് ഒന്നിന് പ്രിന്റിംഗ് നിരക്കുൾപ്പെടെ ആവശ്യപ്പെടുന്ന നിരക്കും, നികുതികൾ അടക്കം) ക്വട്ടേഷനിൽ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണ്. ഡയറിയിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി കോർപ്പറേഷൻ തരുന്ന പരസ്യമാറ്ററുകൾ DTP എടുത്ത് പ്രൂഫ് കാണിച്ച് കോർപ്പറേഷന്റെ അംഗീകാരം കിട്ടിയതിനുശേഷം ഡയറിയിൽ ചേർക്കേണ്ടതാണ്. ആയതിന് വരുന്ന ചിലവുകൾ കൂടി ഉൾപ്പെടുത്തിയാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. കാലാകാലങ്ങളിൽ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട അതാതു സമയത്തെ നിയമാനുസൃത നികുതികൾ പ്രിന്റിംഗ് ബില്ലിൽ നിന്നും കുറവു ചെയ്യുന്നതാണ്.

**മേൽ വിവരങ്ങൾ കണക്കിലെടുത്തുകൊണ്ട് ക്വട്ടേഷനുകൾ തയ്യാറാക്കി 06.12.2018 ന് 3p.m (മൂന്നു) മണിക്ക് മുൻപായി ഈ ആഫീസിൽ ലഭിക്കത്തക്കവിധം ഡയറികളുടെ സാമ്പിൾ സഹിതം സമർപ്പിക്കേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകൾ മുഴുവനും അന്നേ ദിവസം തന്നെ 3.30 ന് ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷൻ ഉറപ്പിച്ചു കഴിഞ്ഞാൽ 10000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ക്വട്ടേഷൻ ലഭിച്ച വ്യക്തി ഈ ആഫീസിൽ അടച്ച് വർക്ക് ഓർഡർ കൈപ്പറ്റേണ്ടതാണ്. മറ്റ് ഉപാധികളും നിബന്ധനകളും വർക്ക് ഓർഡറിൽ പ്രതിപാദിക്കുന്നതാണ്.**

*യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.* കവറിനു മുകളിൽ **ക്വട്ടേഷൻ – ഡയറി 2019** എന്ന് എഴുതേണ്ടതാണ്.

ഒപ്പ്/-

**മാനേജിംഗ് ഡയറക്ടർ**